milma

**കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്**

**കാലിത്തീറ്റ ഫാക്ടറി, പട്ടണക്കാട് പി ഓ, ആലപ്പുഴ - 688 531**

ടെലി ഫോൺ: 0478-2831122, 2831133, 2831109, Email: cfp@milma.com, Website: www.milma.com

സി.എഫ്.പി.റ്റി/ സ്റ്റോഴ്സ്/01/2022 — 19.05.2022

## ക്വട്ടേഷൻ നോട്ടീസ്

പട്ടണക്കാട് മിൽമ കാലിത്തീറ്റ ഫാക്ടറിയിൽ അസംസ്കൃത വസ്തുക്കൾ ലോറിയിൽ നിന്ന് ഇറക്കുന്നതിനു ശേഷം താഴെ വീഴുന്ന ലൂസ് മെറ്റീരിയലുകളും ഗോഡൗണിൽ വീഴുന്ന ലൂസ് മെറ്റീരിയലുകളും ചാക്കുകളിൽ നിറച്ച് കെട്ടി ഗോഡൗണിൽ അട്ടിയിട്ട് വെയ്ക്കുന്നതിന് താത്പര്യമുള്ള വ്യക്തികളിൽ നിന്നോ, സാമൂഹ്യസേവന സംഘടനകളിൽ നിന്നോ ക്വട്ടേഷനുകൾ ക്ഷണിച്ച് കൊള്ളുന്നു.

ചാക്കുകളിൽ അസംസ്കൃത വസ്തുക്കൾ നിറച്ച് കെട്ടി ഗോഡൗണിൽ അട്ടിയിട്ട് വെയ്ക്കുന്നതിന് ചാക്ക് ഒന്നിന് എത്ര രൂപ എന്ന കണക്കിലായിരിക്കണം നിരക്കുകൾ സമർപ്പിക്കേണ്ടത്. ക്വട്ടേഷൻ വിശദാംശങ്ങളും വ്യവസ്ഥകളും അടങ്ങിയ ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അപേക്ഷ ഫോറം ഫാക്ടറിയിൽ നിന്നും 28.05.2022 ഉച്ചയ്ക്ക് 1.00 മണി വരെ കൈപ്പറ്റാവുന്നതാണ്. ക്വട്ടേഷനിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ നിരതദ്രവ്യമായി 1000/- രൂപ ഫാക്ടറി ക്യാഷ് കൗണ്ടറിൽ അടച്ച് ടി രസീത് ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷ ഫോറം, നിരതദ്രവ്യം അടച്ച രസീത് എന്നിവ അടങ്ങിയ ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ ഫാക്ടറിയിൽ സമർപ്പിക്കേണ്ടതാണ്.

ഏറ്റവും കുറഞ്ഞ തുകയ്ക്ക് ക്വട്ടേഷനുകൾ നൽകുന്ന കരാറുകാരനായിരിക്കും കരാർ നൽകുക. പ്രത്യേകിച്ച് കാരണങ്ങൾ ഒന്നും വിശദമാക്കാതെ കരാർ ഉറപ്പിക്കാനും റദ്ദാക്കാനുമുള്ള അധികാരം സീനിയർ മാനേജരിൽ നിക്ഷിപ്തമാണ്.

**ക്വട്ടേഷനുകൾ സ്വീകരിക്കുന്നത്** : **28.05.2022 ഉച്ചകഴിഞ്ഞ് 1.00 മണി വരെ**

**ക്വട്ടേഷനുകൾ തുറക്കുന്നത്** : **28.05.2022 ഉച്ചകഴിഞ്ഞ് 2.30 മണിയ്ക്ക്**

**മാനേജർ**

To

1. Notice Boards of Panchayath Office (Pattankkad/Thuravoor)
2. Notice Boards of CDS Office, Kudumbasree, Pattankkad
3. Notice Boards of the Factory

## ജോലിയെ സംബന്ധിച്ച സംക്ഷിപ്ത വിവരണവും നിബന്ധനകളും

1. കാലാവധി : കരാറിൻറെ കാലാവധി 6 മാസത്തേക്കായിരിക്കും ഈ കാലാവധിയ്ക്കിടയിൽ ഫാക്ടറിയിലെ പ്രവർത്തന രീതികളിൽ ഏതെങ്കിലും തരത്തിലുള്ള പുനർക്രമീകരണങ്ങൾ നടത്തുന്നതിൻറെ അടിസ്ഥാനത്തിൽ,10 ദിവസം മുൻകൂർ നോട്ടീസ് നൽകി കരാർ നിർത്തലാക്കുന്നതാണ്.

2. കരാർ നിരക്ക് : അസംസ്കൃത വസ്തുക്കൾ ലോറിയിൽ നിന്നും ഇറക്കിയതിന് ശേഷം താഴെ വീഴുന്ന ലൂസ് മെറ്റീരിയലുകളും ഗോഡൗണിൽ വീഴുന്ന ലൂസ് മെറ്റീരിയലുകളും ചാക്കിൽ നിറച്ച കെട്ടി ഗോഡൗണിൽ അട്ടിവയ്ക്കുന്നതിന് ചാക്ക് ഒന്നിന് എത്ര രൂപ എന്ന കണക്കിലായിരിക്കണം നിരക്കുകൾ സമർപ്പിക്കേണ്ടത്. ഇപ്രകാരം നിറയ്ക്കുന്ന ചാക്കുകൾക്ക് 50 kg മുതൽ 70 kg വരെ തൂക്കമുള്ളതായിരിക്കണം.

3. മെറ്റീരിയൽ ഇറക്കുന്നതിന് തടസം ഉണ്ടാകാത്ത രീതിയിൽ യഥാ സമയം ചാക്കുകളിൽ നിറച്ച കെട്ടി ഉദ്യോഗസ്ഥൻ നിർദേശിക്കുന്ന സ്ഥലത്തു അട്ടിവയ്ക്കേണ്ടതാണ്.

4. ചാക്കുകൾ നിറയ്ക്കുന്ന സമയത്ത് ലഭിക്കുന്ന പൊടിയിലും, അസംസ്കൃത വസ്തുക്കളിലും കലർന്നിട്ടുള്ള ചണനാരുകളും മറ്റും നീക്കം ചെയ്ത ശേഷം വാരി ചാക്കുകളിൽ നിറച്ച് കെട്ടി സ്റ്റോർ ഓഫീസർ നിർദേശിക്കുന്ന സ്ഥലത്തു അട്ടിവയ്ക്കേണ്ടതാണ്.

5. ഓരോ ദിവസവും എണ്ണി കെട്ടി വയ്ക്കുന്ന ചാക്കുകളുടെ എണ്ണം അന്നേ ദിവസം തന്നെ സ്റ്റോർ ഓഫീസറിനെ ബോധ്യപ്പെടുത്തേണ്ടതാണ്. ചാക്ക് കെട്ടുകളുടെ എണ്ണം ബന്ധപ്പെട്ട രെജിസ്റ്ററിൽ രേഖപ്പെടുത്തി ഒപ്പ് വാങ്ങേണ്ടതാണ്.

6. ഇങ്ങനെ കെട്ടി വയ്ക്കുന്ന ചാക്കുകളുടെ എണ്ണം സ്റ്റോർ ഓഫീസറെ ബോധ്യപ്പെടുത്തിയ ശേഷം മാത്രം ആയതിനുള്ള തുക കൈപ്പറ്റുന്നതിനുള്ള ബില്ല് സ്റ്റോർ ഓഫീസർ മുഖേന മാനേജർക്ക് സമർപ്പിക്കേണ്ടതാണ്. അതും മാസത്തിൽ ഒന്ന് എന്ന രീതിയിലാണ് സമർപ്പിക്കേണ്ടത്.

7. കരാറുകാരൻ കരാർ നിബന്ധനകൾ ഉൾകൊള്ളിച്ചുകൊണ്ടുള്ള ഒരു എഗ്രിമെൻറ് 200 /- രൂപ മുഖവിലയുള്ള മുദ്രപത്രത്തിൽ എഴുതി ഈ ഓഫീസിൽ പേരെഴുതി ഒപ്പിട്ടു സമർപ്പിക്കേണ്ടതാണ്.

8. കരാറുകാരനിൽ നിന്നും കരാറിൻറെ കരുതൽ ധനം എന്നതിലേക്ക് 10,000/- രൂപ (പതിനായിരം രൂപ മാത്രം) ഓർഡർ ലഭിച്ച് 15 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. ഈ തുക കരാർ ജോലി തൃപ്തികരമായി പൂർത്തിയാക്കി കരാർ കാലാവധി കഴിയുമ്പോൾ തിരികെ നൽകുന്നതുമാണ്.

9. കരാറുകാരൻ കരാർ കാലാവധിക്കിടയിൽ കെട്ടിടത്തിനോ, യന്ത്രങ്ങൾക്കോ ഏതെങ്കിലും വിധത്തിലുള്ള കേടുപാടുകൾ വരുത്തുന്ന പക്ഷം ആവശ്യമായ തുക കരാറുകാരൻറെ ബില്ലിൽ നിന്നും ഈടാക്കുന്നതാണ്.

10. കരാറുകാരൻ എല്ലാ പ്രവൃത്തി ദിവസവും കരാർ ജോലിക്ക് ഹാജരാവേണ്ടതും, റോ-മെറ്റീരിയൽ അൺലോഡ് ചെയ്യുന്നതിന് തടസമുള്ള വിധത്തിൽ കൂടിക്കിടക്കുന്ന മെറ്റീരിയലുകൾ ആദ്യം കെട്ടി മാറ്റി കൊടുക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്യാതെ സ്ഥാപനത്തിൻറെ സുഗമമായ പ്രവർത്തനത്തിന് തടസം നേരിട്ടാൽ ആയത് കൊണ്ടുണ്ടാകുന്ന നഷ്ടവും കരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണ്.

11. കരാറുകാരൻ പ്രത്യേക കാരണങ്ങൾ കൊണ്ട് കരാർ ജോലിക്ക് എത്തിപ്പെടാൻ പറ്റാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത വിവരം മുൻകൂട്ടി സ്റ്റോർ ഓഫീസറെ അറിയിക്കേണ്ടതും ചാക്കുകൾ നിറച്ച് വെയ്ക്കുന്നതിനാവശ്യമായ തൊഴിലാളികളെ കരാറുകാരൻറെ ഉത്തരവാദിത്വത്തിൽ നിയമിക്കേണ്ടതും, അവരുടെ സേവന വേതന വ്യവസ്ഥകളും നിയമാനുസൃതമായി പാലിക്കാനുള്ള ഉത്തരവാദിത്വവും, ജോലി സമയത് അവർക്കാവശ്യമായ സുരക്ഷാനടപടികളും,സംവിധാനങ്ങളും ഏർപ്പെടുത്തി കൊടുക്കുന്നതിനുള്ള ഉത്തരവാദിത്വവും കരാറുകാരനുള്ളതായിരിക്കും.

12. ജോലിക്ക് നിയോഗിക്കുന്ന ജീവനക്കാരുടെ ESI, Gratuity, EPF, Income Tax, Work Contract Tax തുടങ്ങിയവ നിയമാനുസൃതമായി രജിസ്റ്റർ ചെയ്യേണ്ടതും, ഈ ഇനങ്ങളിൽ അടയ്ക്കേണ്ടതായ തുക കൃത്യസമയത്തു അടച്ച് രേഖകൾ ഓഫീസിൽ ബില്ലിനോടൊപ്പം ഹാജരാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം മേൽപറഞ്ഞ വകയിലുള്ള തുകകൾ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതായിരിക്കും.

13. കരാർ ജോലിക്ക് നിയോഗിക്കപ്പെടുന്നവർക്ക് ആവശ്യമായ എല്ലാ സുരക്ഷാക്രമീകരണങ്ങളും ഏർപ്പെടുത്തുവാനുള്ള ഉത്തരവാദിത്വം കരാറുകാരനായിരിക്കും.

14. അസംസ്കൃത വസ്തുക്കൾ നിറയ്ക്കുന്നതിനാവശ്യമായ കാലിച്ചാക്കുകൾ ഫാക്ടറിയിൽ നിന്നും ലഭിക്കുന്നതാണ്.

15. ക്വട്ടേഷനുകൾ തുറന്ന ശേഷം ആവശ്യമെന്ന് വരികിൽ റേറ്റുകൾ negotiate ചെയ്യുന്നതിന് മാനേജർക്ക് അധികാരമുണ്ടേരിക്കുന്നതാണ്.

**മാനേജർ**

*KERALA CO-OPERATIVE MILK MARKETING FEDERATION LIMITED,*
*Cattle Feed Plant, Pattanakkad, Alappuzha - 688 531*
*Phone: 0478-2831122, 2831133, 2831101, Mob-9747238111*

## *APPLICATION FOR QUOTING RATE FOR RE-BAGGING LOOSE MATERIALS IN BAGS.*

*This set of Quotation Document is issued to*

*Name of the Quotationer* :

*Address of the Quotationer* :

*Rate per bag* :

*EMD Details* :

*I am agreeing all terms and conditions for the quotation document for the re-bagging loose materials in bags from our Plant at Pattanakkad, Alappuzha District.*

*Agreed & signed By*

*Name & address*